## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

02.07.2015-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1695

# ക്ഷേമപെൻഷനുകൾ നൽകാൻ D.B.T സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും)<br>വകുപ്പു മന്ത്രി) |
| (എ) ക്ഷേമപെൻഷനുകൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) 27.7.2013-ലെ സ.ഉ (പി) നം.363/2013/ധന പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ വിതരണം ഗുണഭോക്താക്കളുടെ ബാങ്ക്/പോസ്റ്റ്ഓഫീസ് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭ്യമാക്കുന്ന സമ്പ്രദായം നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് ഇപ്രകാരം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഈ പദ്ധതി നടപ്പിലാക്കാനുള്ള കാരണമെന്താണ്; എത്ര ആളുകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; | (ബി) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നിവയാണ്. ഗുണഭോക്താക്കളുടെ ബാങ്ക്/പോസ്റ്റ്ഓഫീസ് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭ്യമാക്കുന്ന സമ്പ്രദായം വഴി വിതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.<br>(ii),(iii) ഈ പിരിവുകൾക്കുള്ള മറുപടി സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| (സി) പ്രസ്തുത പദ്ധതി മുഖേന വകുപ്പിനും ഗുണഭോക്താവിനുമുള്ള നേട്ടമെന്ത്; | (സി), (ഡി), (ഇ) വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) ശാരീരികമായി ~~നേരിടുന്ന~~ വെല്ലുവിളികൾ നേരിടുന്ന ഗുണഭേക്താക്കളെ ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇവർക്ക് ക്ഷേമപെൻഷനുകൾ എപ്രകാരം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; | |
| (ഇ) പ്രയോജനമെന്ന് കാണുന്ന പക്ഷം മറ്റ് ക്ഷേമ പെൻഷനുകളും DBT സംവിധാനത്തിലൂടെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ